# ചിറകെരിഞ്ഞ ആകാശസ്വപ്നങ്ങൾ

ഷബീബ്, മലപ്പുറം.

പിറന്നുവീണ ഭൂമിയിലുള്ള തങ്ങളുടെ അവകാശവും, അസ്തിത്വവുമെല്ലാം തകർത്തെറിഞ്ഞ് തലക്കുമുകളിൽ അശനിപാതം പോലെ പറന്നിറങ്ങുന്ന വിമാനജനങ്ങളിപ്പോൾ. ഈ മൂന്നുപഞ്ചായത്തുകളിലായി പരന്നുകിടക്കുന്ന 'കോഴിക്കോട് വിമാനത്താവളം' ഇന്നീ പ്രദേശത്തുകാരുടെ ദുഃഖമായി മാറിയിരിക്കുന്നു.

വിമാനത്താവളം വന്നതോടെ 'തറട്ടാലുങ്ങൽ' കൂട്ടാലുങ്ങൽ എന്നീ പ്രദേശങ്ങൾ ചരിത്രത്തിൽ നിന്ന് തുടച്ചുനീക്കപ്പെട്ടു. താവളത്തിനു കിഴക്കുള്ള തിരൂരങ്ങാടി റോഡ് അടച്ചതുമൂലം 'കന്നംപുറം' എന്ന പ്രദേശം പൂർണ്ണമായും ഒറ്റപ്പെട്ടു. ഹോസ്പിറ്റൽ, വിദ്യാഭ്യാസം തുടങ്ങിയ അത്യാവശ്യ കാര്യങ്ങൾക്ക് പോലും എട്ട് കിലോമീറ്റർ ചുറ്റിവേണം ഇവർക്ക് പുറം ലോകവുമായി ബന്ധപ്പെടാൻ. വ്യാപാരാവശ്യങ്ങൾക്കും മറ്റും തിരൂരങ്ങാടി ഭാഗങ്ങളിൽ നിന്ന് കൊണ്ടോട്ടിയിൽ എത്തിയിരുന്നവർ ഇപ്പോൾ മറ്റിടങ്ങളെ ആശ്രയിക്കുകയാണ്. ഇത് കൊണ്ടോട്ടിയുടെ വാണിജ്യമേഖലക്ക് കനത്ത പ്രഹരമായി. ഒരു കാലത്ത് മലബാറിലെ സ്വർണ്ണക്കച്ചവടത്തിന്റെ സിരാകേന്ദ്രമായിരുന്ന ഇവുടെത്ത പല ജ്വല്ലറികളും പൂട്ടി. സ്ഥലത്തിനുള്ള വിലയും നന്നേ കുറഞ്ഞിരിക്കുന്നു.

പൂർണ്ണമായും മണ്ണിട്ട് ഉയർത്തി ഈ രീതിയിൽ വിമാനത്താവളം നിർമ്മിക്കുന്നത് ഒരു പക്ഷെ ലോകത്തിൽതന്നെ ആദ്യമായിട്ടായിരിക്കും എന്ന് ഇതുമായി ബന്ധപ്പെട്ട പല പ്രക്ഷോഭങ്ങളുടെയും മുന്നിൽ നിന്നിട്ടുള്ള എം. സി. വീരാൻകുട്ടി ചൂണ്ടിക്കാട്ടുന്നു. വിമാനത്താവളത്തിനുവേണ്ടി, മൊറയൂർ, അയ്യാടൻ കുന്ന്, തലേക്കര, തുറക്കൽ, അമ്പലക്കണ്ടി, നീറാട്, മുച്ചിക്കൽ, ചാത്രത്തൊടി, മുണ്ടക്കയം, പളിക്കൽ, മുന്നിയൂർ, എന്നിവിടങ്ങളിലെ കുന്നുകളെല്ലാം നിരത്തിക്കഴിഞ്ഞു. ഏകദേശം 70 ലക്ഷം ക്യൂബിക് ടൺ മണ്ണ് റൺവെ വികസനാർത്ഥം നിറക്കേണ്ടിവന്നപ്പോൾ കൊണ്ടോട്ടി പ്രദേശത്തിന്റെ നെഞ്ചിൽ നിന്നുമാത്രം ലക്ഷക്കണക്കിന് ലോഡ് മണ്ണ് കവർന്നെടുക്കപ്പെട്ടു.

മണ്ണെടുത്ത പ്രദേശങ്ങളെല്ലാം പലവിധ പ്രശ്നങ്ങൾ നേരിട്ടുകൊണ്ടിരിക്കുകയാണ്. പുളിക്കലിനടുത്ത് മുന്നിയൂർകുന്ന് ഇടിച്ചുനിരത്തിയതിന്റെ ഫലമായി ഇവിടുത്തെ ഹരിജൻ കോളനിയടക്കം പല വീടുകളും അപടകടസ്ഥിതിയിലാണ്. ഹരിജൻ കോളനിയുടെ ശവപ്പറമ്പിനടുത്തുനിന്നും പതിനഞ്ചിലധികം അടി താഴ്ചയിൽ മണ്ണെടുത്തതിന്റെ ഫലമായി നൂറോളം ശവങ്ങൾ മറവുചെയ്തിരുന്ന ശ്മശാനം തകർന്നുവീണു. ഏക്കർകണക്കിന് സ്ഥലമുള്ളവർ മണ്ണ് കൊടുക്കുമ്പോൾ തൊട്ടടുത്തു താമസിക്കുന്ന ചെറിയ കുടുംബങ്ങളും കിടപ്പാടം വിട്ടുകൊടുക്കാൻ നിർബന്ധിതരാവുന്നു. ഇതുമൂലം ഈ മണ്ണിലെ തെങ്ങും, കവുങ്ങും, കശുവണ്ടിയും കൊണ്ട് ഉപജീവനം തേടിയിരുന്നവരുടെ ജീവിതം അവതാളത്തിലാവുകയും ചെയ്യുന്നു. വീടുകൾക്കിടയിലെ മണ്ണ് പല താഴ്ചയിൽ എടുക്കുന്നതുമൂലം പല വീടുകളുടേയും വഴി തടസ്സപ്പെട്ടു. മരത്തിൽ കയറുന്നപോലെ ഉയരത്തിൽ കയറിവേണം വീട്ടുമുറ്റത്തെത്താൻ, അല്ലെങ്കിൽ മിനിറ്റുകളോളം ചുറ്റി വളഞ്ഞ് സഞ്ചരിക്കണം. ഈ പ്രദേശത്ത് ശുദ്ധവായുവില്ല. പൊടിപടലങ്ങൾ കലർന്ന അന്തരീക്ഷം. മരങ്ങൾ നശിപ്പിക്കപ്പെട്ടതുകാരണം ചൂട് കൂടിവരുന്നു. ഫലവൃക്ഷങ്ങൾ വരണ്ടുണങ്ങി ഫലങ്ങളും ലഭിക്കാതെയായി. മണ്ണെടുപ്പിന്റെ ഫലമായി പലയിടങ്ങളിലും കിണറുകൾ വറ്റിവരണ്ടു. പണ്ടുമുതലെ കുടിവെള്ളക്ഷാമമുള്ള ഈ പ്രദേശങ്ങളിൽ വിമാനത്താവളത്തിന്റെ വരവോടെ ജലക്ഷാമം രൂക്ഷമായി. മഴക്കാലത്താണെങ്കിൽ സ്ഥിതി കീഴ് മേൽ മറിയുന്നു. റൺവേയിൽ നിന്ന് ഒഴുകിയെത്തുന്ന വെള്ളം അടുത്തുള്ള പറമ്പുകളിലാണ് പതിക്കുന്നത്. ഇത് മൂലം സമീപങ്ങളിലെ വയലുകളെല്ലാം മണ്ണ് നിറഞ്ഞ് കൃഷിയിറക്കാൻ പറ്റാത്ത അവസ്ഥയിലുമായി.

മുൻ പ്രധാനമന്ത്രി നരസിംഹറാവുവിന്റെ മകനുമായി ബന്ധമുണ്ട് എന്ന് ആരോപിക്കപ്പെടുന്ന ആന്ധ്ര ആസ്ഥാനമായുള്ള ഗായത്രി എന്ന കമ്പനിയാണ് വിവേചനരഹിതമായ മണ്ണെടുപ്പിന് നേതൃത്വം നൽകിയത്. ചീറിപ്പായുന്ന ടിപ്പർ ലോറികൾക്കടിയിൽപെട്ട് തറട്ടാൽ പ്രദേശത്ത് ജോലി ചെയ്തിരുന്ന ഒരു സ്കൂൾ അധ്യാപകനുൾപ്പെടെ, മുപ്പതോളം ആളുകൾക്ക് ജീവൻ നഷ്ടപ്പെട്ടു. മണ്ണെടുപ്പ് നിർത്തി കമ്പനി സ്ഥലം വിട്ടുമ്പോൾ ഇതുമായി ബന്ധപ്പെട്ട നഷ്ടപരിഹാരക്കേസുകളുടെ അവസ്ഥയെന്താകുമെന്ന് നാട്ടുകാർക്കറിയില്ല.

റൺവേക്ക് വേണ്ടിയുള്ള മണ്ണെടുപ്പ് വിവാദമായതോടെ ഇത് സംബന്ധിച്ച് റിപ്പോർട്ട് നൽകാൻ കോഴിക്കോട് റീജനൽ എഞ്ചിനീയറിംഗ് കോളേജിന്റെ അന്നത്തെ പ്രിൻസിപ്പാൾ ഡോ. എസ്. ഉണ്ണികൃഷ്ണപ്പിള്ളയുടേയും, ഡോ. എ. അച്യുതന്റേയും നേതൃത്വത്തിൽ രണ്ട് കമ്മീഷനുകളെ നിയമിച്ചിരുന്നു. ജൈവസമ്പ

(ശേഷം പേജ് 3 ൽ)

# ചിറകെരിഞ്ഞ ആകാശസ്വപ്നങ്ങൾ

(1-ാം പേജ് തുടർച്ച)

ത്തുള്ള മേൽമണ്ണുമാറ്റി സൂക്ഷിച്ച്, മണ്ണെടുപ്പ് കഴിഞ്ഞ ശേഷം മേൽമണ്ണ് പഴയ സ്ഥാനത്തുതന്നെ നിക്ഷേപിക്കണമെന്നായിരുന്ന കമ്മീഷനകളുടെ റിപ്പോർട്ട്. കന്നുകൾ കത്തനെ ഇടിക്കരുതെന്നും, പ്രകൃതിയുടെ സന്തുലിതാവസ്ഥ നഷ്ടപ്പെടുത്തരുതെന്നും നിർദ്ദേശിച്ചിരുന്നു. എന്നാൽ ഈ നിബന്ധകളൊന്നും പാലിച്ചിതന്നില്ലെന്നും പരക്കെ ആക്ഷേപമുണ്ട്. മണ്ണെടുപ്പുമായി ബന്ധപ്പെട്ട്, പള്ളിക്കൽ ഗ്രാമപഞ്ചായത്ത് ഹൈക്കോടതിയിൽ ഫയൽചെയ്ത റിട്ട് പെറ്റീഷനിൽ, കലക്ടർ നൽകിയ സത്യവാങ്മൂല പ്രകാരം, പഞ്ചായത്ത് - ജിയോളജിസ്റ്റ് - കലക്ടർ, എന്നിവരുൾപ്പെടുന്ന ത്രികക്ഷി സംവിധാനത്തിന്റെ പരിഗണനക്ക് വിധേയമായി മാത്രമേ മണ്ണെടുപ്പ് തുടരുകയുള്ളു എന്നുറപ്പ് നൽകിയിരുന്നു. മണ്ണെടുപ്പുമായി ബന്ധപ്പെട്ട് ഏറ്റവുമൊടുവിലുണ്ടായ കേസിൽ 'പണ്ടാറപ്പെട്ടി പാത്തുമുണ്ണിയുടെ' എട്ടേക്കാൽ സെന്റ് സ്ഥലത്തുനിന്നും മണ്ണുനീക്കുന്നത് കോടതി തടഞ്ഞിരിക്കുകയാണ്.

എയർപോർട്ടിന്റെ പരിസരത്തു താമസിക്കുന്നവർക്ക് ഒരു കൊച്ചു കുര കെട്ടണമെങ്കിൽപോലും എയർപോർട്ട് അതോറിറ്റിയുടെ അനുവാദം വേണം. എയർപോർട്ടിന് ഏതെങ്കിലും രീതിയിൽ തടസ്സമായി വരുന്ന പക്ഷം സ്വന്തം ചെലവിൽ കെട്ടിടം പൊളിച്ചുകളയാം എന്ന് സ്റ്റാമ്പ് പേപ്പറിൽ എഴുതിനൽകിയാലേ അനുമതി ലഭിക്കു. റൺവെ വികസനത്തിന്റെ ഭാഗമായി കോട്ടപ്പറമ്പ്, കോന്നിക്കുട് ഭാഗത്തുള്ളവരുടെ പറമ്പുകളിൽ നിന്നും കഴിഞ്ഞവർഷം വൻതോതിൽ മരം മുറിച്ചുനീക്കുകയുണ്ടായി.

റൺവേക്ക് വേണ്ടി നൂറു ഏഴോളം വീടുകൾ കുടിയൊഴിപ്പിക്കപ്പെട്ടു. ആരാധനാലയങ്ങളും മറ്റും വേറെയും. ഇവർക്ക് അർഹമായ നഷ്ടപരിഹാരം ലഭിച്ചില്ല എന്ന പരാതിയുമുണ്ട്. ഇതു സംബന്ധിച്ച കേസുകളും നിലനിൽക്കുകയാണ്. വിമാനത്താവളത്തിൽ തൊഴിൽ നൽകാമെന്ന വാഗ്ദാനം പാലിച്ചില്ല എന്നും ആക്ഷേപമുണ്ട്. ഇപ്പോൾതന്നെ മാസംതോറും അമ്പത് ലക്ഷം ലാഭമുണ്ടാക്കുന്ന വിമാനത്താവളമാണിത്. 95 ൽ യൂസേഴ്സ്ഫീ ഏർപ്പെടുത്തിയ ശേഷം വരുമാനം ഗണ്യമായി വർദ്ധിച്ചു. പഞ്ചായത്തിൽ നികുതിയിനത്തിൽ അടക്കേണ്ട തുക പോലും കുടിശ്ശിക വരുത്തിയാണ് എയർപോർട്ട് മുന്നോട്ട് പോകുന്നത്. വിമാനത്താവളം സൃഷ്ടിക്കുന്ന ശബ്ദമലിനീകരണം, കെട്ടിടങ്ങൾക്കുണ്ടാകുന്ന വിള്ളൽ എന്നീ പ്രശ്നങ്ങളെക്കുറിച്ച് കൂടുതൽ പഠനങ്ങൾ നടക്കേണ്ടിയിരിക്കുന്നു. കൂടുതൽ വലിയ വിമാനങ്ങൾക്ക് ഇറങ്ങാൻ പറ്റും വിധം താവളം ഇനിയും വികസിപ്പിക്കണമെന്നാവശ്യപ്പെട്ട് 'ചേമ്പർ ഓഫ് കോമേഴ്സ്' പോലുള്ള സംഘടനകൾ രംഗത്തുണ്ട്. അന്താരാഷ്ട്ര വിമാനത്താവളമെന്ന പദവി എത്രയും പെട്ടെന്ന് നേടിയെടുക്കാനുള്ള കുതിപ്പിനിടയിൽ കാതടപ്പിക്കുന്ന ശബ്ദവും, കലുക്കവുമെല്ലാം അനുഭവിച്ച് നിത്യദുരിതത്തിൽ ജീവിക്കുന്ന ജനങ്ങളുടെ കിതപ്പ് വിസ്മൃതമാകുന്നു.

പ്രകൃതിയുടെ മേലുള്ള നിഷ്ഠുരമായ കടന്നുകയറ്റങ്ങളുടെ പ്രത്യാഘാതം ഒരു ഭൂകമ്പമായിപ്പോലും മലപ്പുറം ജില്ലയിൽ അവതരിച്ചാൽ അത്ഭുതപ്പെടാനില്ല. ഗുജറാത്ത് ഭൂകമ്പത്തിനുശേഷം നടന്നിട്ടുള്ള പഠനങ്ങൾ ഭൂകമ്പസാധ്യതയുള്ള മേഖലകളിൽ കോഴിക്കോടിനേയും ഉൾപ്പെടുത്തിയിട്ടുണ്ട്. മലപ്പുറത്തെ പല പ്രദേശങ്ങളിലും നേരിയ ഭൂചലനവും, തിരയിളക്കവും ഇതിനകം തന്നെ ഉണ്ടായിക്കഴിഞ്ഞു. വാഴക്കാടും, മൊറയൂരും, പുളിക്കലും, കൊണ്ടോട്ടിയുമെല്ലാം ഈ പ്രദേശങ്ങളിൽപ്പെടുന്നു.

ചവുട്ടിനിൽക്കുന്ന ഭൂമി ഓരോ ദിവസം കഴിയുന്തോറും കാൽക്കീഴിൽ നിന്ന് അടർന്നു പോകുമ്പോഴും എല്ലാ ദുഃഖങ്ങളുമുള്ളിലൊതുക്കി കഴിയുന്ന ഈ പ്രദേശത്തുകാരുടെ പച്ചയായ ജീവിതയാഥാർത്ഥ്യങ്ങൾ ഇനിയെന്നാണ് നമ്മുടെ വികസന സങ്കല്പങ്ങളിലേക്ക് കടന്നുകയറുക?